(ബി) പുതുതായി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനവലംബിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) കുന്ദമംഗലം മണ്ഡലത്തിൽ എത്ര ഡിസ്പെൻസറികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും ആയുർവേദ ഡിസ്പെൻസറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആയുർവേദവകുപ്പിന്റെ കീഴിൽ 737 ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 730 എണ്ണം ആയുർവേദ ഡിസ്പെൻസറികളും 6 എണ്ണം സിദ്ധ ഡിസ്പെൻസറികളും ഒരെണ്ണം യുനാനി ഡിസ്പെൻസറിയും ആണ്. കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 18 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി ആന്റ് സി) പുതുതായി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് സ്ഥലം, കെട്ടിടം എന്നീ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട പഞ്ചായത്തുകളാണ്. ഇത്തരം പഞ്ചായത്തുകളുടെ അപേക്ഷകൾ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

(ഡി) കുന്ദമംഗലം മണ്ഡലത്തിൽ ആറ് ആയുർവേദ ഡിസ്പെൻസറികൾ നിലവിലുണ്ട്.

(ഇ) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലുള്ള പഞ്ചായത്തിന്റെ സന്നദ്ധതയും സർക്കാരിന്റെ സാമ്പത്തികനിലയും കണക്കിലെടുത്തുമാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

സിദ്ധവൈദ്യൻമാർക്ക് ഔഷധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ നടപടി

166 [2659] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പാരമ്പര്യ സിദ്ധവൈദ്യൻമാർക്ക് ഔഷധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത രാസവസ്തുക്കൾ ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ഔഷദ്ധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പാരമ്പര്യ വൈദ്യൻമാരുടെ ആവശ്യങ്ങൾ സംബന്ധിച്ച് ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർ, ആൾ ഇൻഡ്യ സിദ്ധവൈദ്യ ഫെഡറേഷൻ സെക്രട്ടറിയുമായും നടത്തിയ ചർച്ചയിൽ എന്തു തീരുമാനമാണെടുത്തിരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റ് തലത്തിൽ നടപടി എടുക്കാൻ നിർവ്വാഹമില്ല.

(സി) പാരമ്പര്യ വൈദ്യൻമാരുടെ ആവശ്യങ്ങൾ സംബന്ധിച്ച് ആൾ ഇൻഡ്യാ സിദ്ധ വൈദ്യ ഫെഡറേഷൻ സെക്രട്ടറിയുമായി ഔദ്യോഗിക ചർച്ചകൾ ഒന്നും നടത്തിയിട്ടില്ല.

മന്തുരോഗ പ്രതിരോധവുമായി ബന്ധപ്പെട്ടുണ്ടായ നഷ്ടവും രോഗനിവാരണ മാർഗ്ഗങ്ങളും

167 [2660] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്തുരോഗ നിവാരണ മരുന്ന് വിതരണം നടത്തുവാൻ സർക്കാർ ഏതു കമ്പനിയെയാണ് ഏൽപ്പിച്ചതെന്നും ഇതുമൂലം സർക്കാരിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മന്തുരോഗം റിപ്പോർട്ട് ചെയ്ത ജില്ല ഏതാണ്; ഏറ്റവും കുറവ് മന്തുരോഗം റിപ്പോർട്ട് ചെയ്ത ജില്ല ഏതാണ്;

(സി) മന്തുരോഗ നിവാരണത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൻ കീഴിലുള്ള ദേശീയ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം വഴി സൗജന്യമായി ലഭിക്കുന്ന ഡി.ഇ.സി. ഗുളികയാണ് മന്തുരോഗ നിവാരണത്തിന് വിതരണം ചെയ്യുന്നത് എന്നതിനാൽ സർക്കാരിന് നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

(ബി) ഏറ്റവും കൂടുതൽ മന്തുരോഗികൾ ഉള്ള ജില്ല .. ആലപ്പുഴ

ഏറ്റവും കുറവ് .. കോട്ടയം

(സി) മന്തുരോഗ നിവാരണ യൂണിറ്റുകൾ വഴി രാത്രികാല രക്ത പരിശോധന നടത്തി രോഗാണുവാഹകരെ കണ്ടെത്തുകയും അവർക്ക് സമ്പൂർണ്ണ ചികിൽസയും നൽകിവരുന്നു. മന്തുരോഗം പരത്തുന്ന കൊതുകിന്റെ സാന്ദ്രത കണക്കാക്കുകയും അതുമായി ബന്ധപ്പെട്ട പഠനങ്ങൾ നിരന്തരം നടത്തുകയും ചെയ്തുവരുന്നു. കൊതുകിന്റെ കുത്താടി വളരുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് കുത്താടി നാശിനി തളിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly